INCHIYANI

# ഗവ. എൽ പി സ്കൂൾ ഇഞ്ചിയാനി

## അക്കാദമിക മാസ്റ്റർ പ്ലാൻ 2025 - 26

**ഓരോ കുട്ടിയും മികവിന്റെ പാതയിലേക്ക്**








# അക്കാദമിക മാസ്റ്റർ പ്ലാൻ 2025 26

| | | |
|---|---|---|
| സ്കൂളിൻറെ പേര് | : | ഗവ. എൽപി സ്കൂൾ ഇഞ്ചിയാനി |
| സ്കൂൾ കോഡ് | : | 29309 |
| ജില്ല | : | ഇടുക്കി |
| വിദ്യാഭ്യാസ ജില്ല | : | തൊടുപുഴ |
| സബ്ജില്ല | : | തൊടുപുഴ |
| ആരംഭിച്ച വർഷം | : | 1950 |
| ഗ്രാമപഞ്ചായത്ത് | : | ആലക്കോട് |
| താലൂക്ക് | : | തൊടുപുഴ |
| പിൻകോഡ് | : | 68 55 88 |
| സ്കൂൾ ടൈപ്പ് | : | മിക്സഡ് |
| സ്കൂൾ ലെവൽ | : | പ്രീ പ്രൈമറി - ക്ലാസ് 5 |

ആറാം അധ്യയനദിനം 10 ജൂൺ 2025

വിദ്യാർത്ഥികളുടെ എണ്ണം

| STD | No of Divisions | ആകെ | | | പട്ടികജാതി | | | പട്ടികവർഗ്ഗം | | | മുസ്ലീം | | | *മറ്റ് ന്യൂനപക്ഷ സമുദായം | | | *ഒ . ബി .സി | | | ജനറൽ | | | എ. പി. എൽ | | | ബി. പി. എൽ | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ |
| 1 | 1 | 3 | 1 | 4 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 3 | 1 | 4 | 0 | 0 | 0 | 0 | 0 | 0 | 1 | 1 | 2 | 2 | 0 | 2 |
| 2 | 1 | 2 | 3 | 5 | 0 | 0 | 0 | 0 | 1 | 1 | 0 | 0 | 0 | 2 | 1 | 3 | 0 | 1 | 1 | 0 | 0 | 0 | 1 | 0 | 1 | 1 | 3 | 4 |
| 3 | 1 | 6 | 2 | 8 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 4 | 1 | 5 | 1 | 1 | 2 | 1 | 0 | 1 | 4 | 2 | 6 | 2 | 0 | 2 |
| 4 | 1 | 3 | 4 | 7 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 3 | 4 | 7 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 3 | 4 | 7 |
| 5 | 1 | 3 | 6 | 9 | 0 | 0 | 0 | 0 | 0 | 0 | 1 | 0 | 1 | 1 | 4 | 5 | 1 | 2 | 3 | 0 | 0 | 0 | 0 | 0 | 0 | 3 | 6 | 9 |
| ആകെ | | 17 | 16 | 33 | 0 | 0 | 0 | 0 | 1 | 1 | 1 | 0 | 1 | 13 | 11 | 24 | 2 | 4 | 6 | 1 | 0 | 1 | 6 | 3 | 9 | 11 | 13 | 24 |

*മറ്റ് ന്യൂനപക്ഷ സമുദായങ്ങൾ :ക്രിസ്ത്യൻസ് , സിക്ക് , ബുദ്ധിസ്റ്റ് , സൊരാഷ്ട്രിയൻസ് (പാഴ്സി )

മീഡിയം അടിസ്ഥാനമാക്കിയുള്ള കുട്ടികളുടെ എണ്ണം

| സ്റ്റാൻഡേർഡ് | മലയാളം | | | ഇംഗ്ലീഷ് മീഡിയം | | | തമിഴ് | | | കന്നട | | | ആകെ | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ |
| 1 | 3 | 1 | 4 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 3 | 1 | 4 |
| 2 | 2 | 3 | 5 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 2 | 3 | 5 |
| 3 | 6 | 2 | 8 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 6 | 2 | 8 |
| 4 | 3 | 4 | 7 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 3 | 4 | 7 |
| 5 | 3 | 6 | 9 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 3 | 6 | 9 |
| ആകെ | 17 | 16 | 33 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 17 | 16 | 33 |

# ആമുഖം

ഇഞ്ചിയാനി ഗവ. എൽ പി സ്കൂൾ 1950 മുതൽ ഇഞ്ചിയനിയിലെയും പരിസരപ്രദേശങ്ങളിലെയും കുട്ടികളുടെ പ്രാഥമിക വിദ്യാഭ്യാസത്തിന് നേതൃത്വം കൊടുക്കുന്ന വിദ്യാലയമാണ്. സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളിലെ കുട്ടികൾക്ക് അറിവിൻറെ വെളിച്ചം പകർന്നു നൽകുവാൻ പൂർവികർ നടത്തിയ കഠിനാധ്വാനത്തിന്റെ ഫലമാണ് ഈ സ്കൂൾ. സ്കൂളിൻറെ ചരിത്രം 75 വർഷം പിന്നിട്ട് 2025 ൽ എത്തിനിൽക്കുമ്പോൾ പൊതു വിദ്യാഭ്യാസ വകുപ്പ് ലക്ഷ്യമിടുന്ന സമഗ്ര ഗുണമേന്മ വിദ്യാലയ വികസന പദ്ധതിയുടെ ഭാഗമായി നമ്മുടെ സ്കൂളും മാറുകയാണ്. മികവിന്റെ കേന്ദ്രമായി പൊതുവിദ്യാലയങ്ങളെ മാറ്റിയെടുക്കുന്ന ഈ പദ്ധതിയിലൂടെ എല്ലാ കുട്ടികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്താൻ ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ വിഭാവനം ചെയ്യുന്നു. ഓരോ ക്ലാസിലും കുട്ടി നേടേണ്ട കഴിവുകളും ശേഷികളും ധാരണകളും നേടി എന്ന് ഉറപ്പുവരുത്തുക, ഭാഷാ വിഷയങ്ങളിലും ഗണിതത്തിലും ശാസ്ത്ര വിഷയങ്ങളിലും അടിസ്ഥാനശേഷികൾ നേടി കുട്ടികൾ മുന്നോട്ട് പോവുക എന്നതാണ് നമ്മുടെ പ്രഥമവും പ്രധാനവുമായ ലക്ഷ്യം. ആലക്കോട് ഗ്രാമപഞ്ചായത്തിന്റെയും എസ് എസ് കെ യുടെയും സഹകരണത്തോടെ സ്കൂളിൽ നടത്തിയ ഭൗതിക നിലവാര വികസനം കുട്ടികളുടെ സർവ്വോന്മുഖമായ വളർച്ചയ്ക്ക് ഉപയോഗപ്പെടുത്തുക എന്ന ലക്ഷ്യവും ഈ അക്കാദമിക് മാസ്റ്റർ പ്ലാനിന് ഉണ്ട്. കൂടാതെ വിദ്യാലയത്തിൽ നിന്നും പഠിച്ചിറങ്ങുന്ന ഓരോ കുട്ടിയും നമ്മുടെ രാജ്യത്തിന് മുതൽക്കൂട്ട് ആകുന്ന രീതിയിൽ മികച്ച പൗരബോധവും, അച്ചടക്കവും, ലഹരി വിമുക്ത മനോഭാവവും സ്വായത്തമാക്കി വേണം മുന്നോട്ടു പോകുവാൻ. പാഠപുസ്തകത്തിനപ്പുറം സമൂഹത്തിൽ നിന്നും പ്രകൃതിയിൽ നിന്നും തൻറെ ഭാവി ജീവിതത്തിന് ആവശ്യമായ നല്ല ഗുണങ്ങൾ സ്വായത്തമാക്കുവാനും കുട്ടിക്ക് കഴിയണം. ഇതിനെല്ലാമുള്ള പ്രവർത്തനങ്ങളാണ് ഈ അക്കാദമിക് മാസ്റ്റർ പ്ലാനിലൂടെ നാം ലക്ഷ്യമിടുന്നത് .ഈ ലക്ഷ്യങ്ങൾ ഫലദായകം ആകണമെങ്കിൽ മാതാപിതാക്കൾ, സർക്കാർ ,എസ് എസ് കെ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പൂർവ്വ വിദ്യാർത്ഥികൾ മറ്റ് അഭ്യുദയകാംക്ഷികൾ എന്നിവരുടെ സഹായം കൂടി നാം നേടേണ്ടതുണ്ട് എല്ലാവരുടെയും സഹകരണത്തോടെ മികച്ച ഒരു ഭാവി തലമുറയെ വാർത്തെടുക്കാൻ നമുക്ക് സാധിക്കട്ടെ.

## പൊതു ലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.

2. എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, അറബി ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.

3. 'ഓരോ കുട്ടിയും ഒന്നാമനാണ്' എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി, കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കും.

4. വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിനാവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങളൊരുക്കും.

5. ആധുനിക സാങ്കേതികവിദ്യാസാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസ്സ്മുറികളിൽ ഉപയോഗിക്കുന്നതിന് അധ്യാപകരെ ശാക്തീകരിക്കും. അതുവഴി മെച്ചപ്പെട്ട പഠനാനുഭവങ്ങൾ കുട്ടികൾക്ക് ഉറപ്പുവരുത്തും.

6. സയൻസ് ലാബ്, കമ്പ്യൂട്ടർ ലാബ് തുടങ്ങിയവ ആധുനികവത്കരിക്കും.

7. ഓരോ ടേമിലും കുട്ടികൾ നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി അച്ചടിച്ച് രക്ഷിതാക്കൾക്ക് നൽകും. ഇതിനായി വ്യക്തിഗത പി.ടി.എ./കോർണർ പി.ടി.എ.കൾ ചേരും.

8. ഒന്നാം ക്ലാസ് മുതൽ 4-ാം ക്ലാസ് വരെയുള്ള മുഴുവൻ കുട്ടികൾക്കും അക്കാദമിക സപ്പോർട്ടിനായി പാഠഭാഗങ്ങൾക്കനുസൃതമായി വർക്ക്ഷീറ്റുകൾ എസ്.ആർ.ജി.യുടെ നേതൃത്വത്തിൽ ലഭ്യമാക്കും.

9. 'വിദ്യാലയം ഒരു പാഠപുസ്തകം' എന്ന ആശയം മുൻനിർത്തി അറിവുനിർമ്മാണ ഇടങ്ങളായി വിദ്യാലയ പരിസരങ്ങൾ മാറ്റും.

10. ആശയ പ്രകടനശേഷി വർദ്ധിപ്പിക്കാൻ സഹായകരമായ രീതിയിൽ വിദ്യാലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും. അപകർഷതാബോധം ഒഴിവാക്കി 'ആക്റ്റീവായ' വിദ്യാർത്ഥി സമൂഹത്തെ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഒരുക്കും.

11. ജൈവവൈവിധ്യ കലവറയായി വിദ്യാലയത്തെ മാറ്റുക.

12. മാലിന്യ മുക്ത വിദ്യാലയം.ഹരിത പെരുമാറ്റച്ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം, വേസ്റ്റ് മാനേജ്മെന്റ്, മലിനജല നിർമ്മാർജനം തുടങ്ങിയവ കൃത്യമായി നടപ്പാക്കൽ.

13. കൃഷി, ഔഷധത്തോട്ടം, ഉദ്യാനം എന്നിവ മികച്ച രീതിയിൽ പരിപാലിക്കുന്നതിന് വിദ്യാർത്ഥി സംഘങ്ങൾ രൂപീകരിക്കൽ

14. വിദ്യാലയം ഹൈടെക്കാക്കി മാറ്റുക.

15. പോക്സോ സംബന്ധമായ ബോധവൽക്കരണം.

26. രാസ ലഹരി, മൊബൈൽ അഡിക്ഷൻ തുടങ്ങിയവയ്ക്കെതിരെ മുൻകരുതലുകൾ.

# GOVT. L. P. S. INCHIYANI

## അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-26

## ക്ലാസ് ഒന്ന്

പൊതുവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ കൂടുതൽ മെച്ചപ്പെടുത്തുക സമൂഹത്തിലെ എല്ലാ വിഭാഗം കുട്ടികളെയും പഠനപ്രവർത്തനങ്ങളുടെ ഭാഗമാക്കിമാറ്റുക എന്ന വിശാലമായ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് അക്കാദമിക് മാസ്റ്റർപ്ലാൻ രൂപീകരിക്കുന്നത്.

പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പ്രാധാന്യം നൽകി അവരെ അക്ഷരജ്ഞാനം ഉള്ളവരാക്കി മാറ്റുവാനും ആവശ്യമായ ഇടപെടലുകൾ നടത്തുന്നുണ്ട്. അതോടൊപ്പം കുട്ടികളുടെ പഠനകാര്യങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്താനും ഈ മാസ്റ്റർപ്ലാൻ ലക്ഷ്യമിടുന്നു.

**<u>ലക്ഷ്യങ്ങൾ</u>**

- ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും ശേഷി ഉള്ളവരാക്കുക
- ലളിതമായ വായനകാർഡുകൾ നിർമ്മിക്കുന്നു.
- ഈണത്തിലും താളത്തിലും ചെറുഗാനങ്ങൾ കണ്ടെത്തിയും പുസ്തകത്തിൽ ഉള്ളവയും അവതരിപ്പിക്കുന്നു.
- സ്വന്തമായി ഡയറി എഴുതുന്നു.
- ലളിതമായ വായനകാർഡുകൾ നിർമ്മിക്കുന്നു.
- പലതരത്തിലുള്ള പതിപ്പുകൾ രൂപപ്പെടുത്തി എടുക്കുന്നു.
- ലളിത ബാലസാഹിത്യകൃതികൾ വായിച്ച് ആശയം പങ്കിടുവാൻ കഴിവുള്ളവരാക്കുക
- സ്വന്തം ആശയങ്ങൾ ചെറുവാക്യങ്ങളിൽ എഴുതുക.

**<u>ജൂൺ</u>**

- അക്ഷരം ഉറപ്പിക്കൽ
- ചിത്രവായന
- വായനാമൂല ഒരുക്കൽ
- വായനകാർഡ് തയ്യാറാക്കൽ

- അമ്മവായന
- പരിസ്ഥിതി ദിനാചരണം

<u>ജൂലൈ</u>

- ചിത്രങ്ങൾ നോക്കി അവയുടെ പേരുകൾ എഴുതുന്നു
- സംയുക്ത ഡയറി തയ്യാറാക്കൽ
- ഓരോ ദിവസവും നിശ്ചിത അക്ഷരങ്ങൾ പഠിക്കാൻ അവസരം
- ഡോക്ടേഴ്സ് ഡേ ആചരണം

<u>ആഗസ്റ്റ്</u>

- ആകർഷകമായ വായനാകാർഡുകൾ നൽകി കുട്ടികളെ വായനയിലേക്ക് ആകർഷിക്കുന്നു.
- ക്ലാസിലെ കുട്ടികളെ ഗ്രൂപ്പുകളാക്കി വായനക്കൂട്ടം രൂപീകരിക്കൽ
- ഹിരോഷിമ നാഗസാക്കി ദിനാചരണം

<u>സെപ്റ്റംബർ</u>

- വായനാമൂല ഒരുക്കൽ
- ചിത്രം കാണിച്ച് ആ ചിത്രത്തിന്റെ അടിസ്ഥാനത്തിൽ കഥ പറയുവാൻ അവസരം ഒരുക്കുന്നു.
- അധ്യാപകദിനാചരണം

<u>ഒക്ടോബർ</u>

- വായനകാർഡിന്റെ സഹായത്തോടെ ലളിതമായ വാക്കുകൾ വായിക്കുന്നു.
- പാഠഭാഗവുമായി ബന്ധപ്പെട്ട വായനകാർഡുകൾ തയ്യാറാക്കുന്നു.
- വായനകാർഡുകൾ നിർമ്മിക്കുവാൻ രക്ഷിതാക്കൾക്ക് പരിശീലനം നൽകുന്നു.
- സംഗീതദിനം :- സംഗീതദിനവുമായി ബന്ധപ്പെട്ട് അധ്യാപകരും കുട്ടികളും ഉൾപ്പെടുന്ന സംഗീതസദസ്

**നവംബർ**

- അധ്യാപികയുടെ സഹായത്തോടെ കുട്ടികൾ ചെറിയ ബാലകൃതികൾ വായിക്കുന്നു
- പി.റ്റി.എ യിൽ കുട്ടികൾ ഒരു കഥ വായിക്കുന്നു
- കേരളപ്പിറവിയും സ്കൂളിന്റെ ജന്മദിനവും ആഘോഷിക്കുന്നു

**ഡിസംബർ**

- ചിത്രത്തിന്റെ അടിസ്ഥാനത്തിൽ കുട്ടികൾ ചെറിയ വാക്കുകൾ എഴുതുന്നു
- പി.റ്റി.എ യിൽ വായനാകാർഡുകൾ തയ്യാറാക്കുന്നു
- രക്ഷിതാവിന്റെ സഹായത്തോടെ കുട്ടി വായനാകാർഡുകൾ വായിക്കുന്നു
- ക്രിസ്മസ് ആഘോഷം

**ജനുവരി**

- വായനാകാർഡുകളുടെ സഹായത്തോടെ കുട്ടികൾ വായനയിലേക്ക് എത്തുന്നു
- ചിഹ്നം മനസിലാകാത്തവർക്ക് പ്രത്യേക പരിഗണന
- റിപ്പബ്ലിക് ദിനം സമുചിതമായി ആഘോഷിക്കുന്നു

**ഫെബ്രുവരി**

- ക്ലാസ് ലൈബ്രറിയിലെ ലളിതമായ പുസ്തകങ്ങൾ കുട്ടികൾക്കു നൽകുന്നു
- അധ്യാപികയുടെ സഹായത്തോടെ കുട്ടികൾ വായിക്കുന്നു
- ഇന്ത്യയുടെ ശാസ്ത്ര നേട്ടങ്ങൾ പ്രതിപാദിച്ചുകൊണ്ട് ശാസ്ത്രദിനാചരണം

**മാർച്ച്**

- വരികൾ കൂട്ടിച്ചേർക്കുന്നു
- ചിത്രത്തിൽ നിന്നും ലഘുവാക്യങ്ങൾ ഉപയോഗിച്ച് കഥ പറയുന്നു
- വനിതാദിനാചരണം

## English

| ലക്ഷ്യം | പ്രവർത്തനം | കാലം |
|---|---|---|
| ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കുവാനുള്ള അവസരം ഒരുക്കൽ | കാർട്ടൂൺ പ്രദർശനം സിനിമാ പ്രദർശനം | മാസത്തിൽ ഒന്ന് |

## പരിസര പഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം |
|---|---|---|
| ആഹാര ശീലങ്ങളും, ഭക്ഷണ വസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിവ്. | ഭക്ഷ്യമേള- പ്രദർശനം നാടൻ വിഭവങ്ങൾ ഉപയോഗിച്ചുള്ള പാചകവും രുചി അറിവും | ജൂൺ - ജൂലൈ ആഗസ്ത് |
| പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും | പുഷ്പോദ്യാനം, ഔഷധത്തോട്ടം, ചുറ്റുവട്ടത്താകെ | ഡിസംബർ ജനുവരി |

## ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം |
|---|---|---|
| കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | 1) ഗണിത മാഗസിൻ<br>2) ജ്യാമിതിയ രൂപങ്ങളുടെ നിർമ്മാണം ഏകദിനക്യാമ്പ്<br>3) ഗണിതക്യാമ്പ് ഗണിത പ്രവർത്തനങ്ങൾ കളിയിലൂടെ | ജൂൺ - മാർച്ച്<br>സപ്തംബർ<br>മാസത്തിൽ ഒന്ന് വീതം |

അക്കാദമിക മാസ്റ്റർ പ്ലാൻ

ഗണിതം Std 2

## ആമുഖം

ഗണിത പഠനം രസകരവും ആസ്വാദ്യകരവുമായി കുട്ടി കൈകാര്യം ചെയ്യണം എന്നത് മുന്നിൽ കണ്ടുകൊണ്ട് തന്നെയാണ് " ഉല്ലാസ ഗണിതം" പദ്ധതിയും മുന്നോട്ടു വന്നത്. ഓരോ പഠന നേട്ടത്തിലൂടെയും ഗണിതാശയങ്ങൾ ഉൾക്കൊണ്ട് തന്നെയാവണം കുട്ടി പഠിക്കേണ്ടത് എന്നതിന് ഒരു മാർഗ്ഗ സഹായിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. ഗണിത പ്രവർത്തനത്തിലും തത്പരമായി നേടിയെടുക്കേണ്ടവ നേടിയെടുക്കുക .തന്നെയാണ് ലക്ഷ്യം മുന്നോട്ട് വയ്ക്കുന്നത്.

പ്രവർത്തന ലക്ഷ്യങ്ങൾ

- രണ്ടാം ക്ലാസിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാബോധം, സംഖ്യകളെ വ്യാഖ്യാനിക്കാനും, സങ്കലനം,വ്യവകലനം, പ്രശ്നാപഗ്രഥനം എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ.
- സംഖ്യാബോധവും ക്രിയാശേഷികളും എല്ലാവരിലും നേടിയെടുക്കുന്നതിന്.
- ഗണിത കിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ
- ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു ,എഴുതുന്നു. (100 ൽ താഴെ)
- ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്ത തരത്തിൽ ഉത്തരങ്ങൾ കൈവരിക്കാൻ ആകും എന്ന മേഖലയിൽ എത്തിച്ചേരൽ
- പ്രായോഗികഗണിതപ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോഗപ്പെടുത്തൽ

മുന്നൊരുക്കം

- ഗണിതാശയങ്ങളിൽ കുട്ടി കൈവരിച്ചവ തിരിച്ചറിയൽ പ്രവർത്തനങ്ങൾ നടത്തുന്നു.

പ്രവർത്തന ലക്ഷ്യം

- പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുത്തൽ

ജൂൺ

- 1, 2, 3, 4 ......
1,3,5,7....
10,20,30,40,....
5,10,15,20....
2,4,6,8.... തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ
- ഒരു സംഖ്യയോട് കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും ,1 കുറച്ചാൽ തൊട്ട് മുമ്പുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാക്കൽ .

ജൂലൈ

- ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽപ്പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യ കൂട്ടത്തിൻ്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ.
- ഗണിത കിറ്റ് എല്ലാ കുട്ടികളിലും ഉറപ്പാക്കൽ
- പത്തിൻ്റെയും ഒന്നിൻ്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ

(5+5 = 10, 10+10= 20)

ആഗസ്റ്റ്

- വിവിധ പാറ്റേണുകൾ രൂപീകരിക്കൽ
- സംഖ്യകളുടെ പ്രതേകതകൾ കണ്ടെത്തൽ

99 നോട് 1 കൂട്ടിയാൽ 100

10 പത്തുകൾ ചേർന്നാൽ 100 ആകും

100 ഒന്നുകൾ ചേർന്നതാണ് 100

- ഓരോ സംഖ്യകളെയും പ്രായോഗിക ഗണിതാശയ തലങ്ങളിൽ ഉൾപ്പെടുത്താനുള്ള കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ

സെപ്റ്റംബർ

- ഗണിത കിറ്റിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കൽ
- വിലവിവരപട്ടിക തയ്യാറാക്കൽ
- ക്ലാസിലൊരുകട സ്കൂളിലൊരു കട.ഗണിതാശയങ്ങൾ പ്രായോഗികരീതിയിലൂടെ
ഉറപ്പിക്കുന്നു.

ഒക്ടോബർ

- രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗികപ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു
- സങ്കലന വ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ
- സംഖ്യാ പാറ്റേണുകൾ രൂപീകരിക്കൽ (പാറ്റേണിലെ സംഖ്യകൾക്ക് തമ്മിൽ നിശ്ചിത ബന്ധമുണ്ടെന്ന് കണ്ടെത്തൽ, പ്രായോഗിക പ്രശ്നം ഉറപ്പിക്കൽ)

5...10.... 15.... 20... 25

(5 വീതം കൂട്ടിയാൽ പ്രശ്ന വിശകലനം ചെയ്യാം)

നവംബർ

- സ്ഥാന വില തിരിച്ചറിയൽ (ഒന്ന്, പത്ത്)
- പ്രായോഗിക പ്രശ്നപരിഹാരത്തിനായ് കളിനോട്ടുകൾ പേപ്പർ മുഖേന വെട്ടി തയ്യാറാക്കി സംഖ്യ എഴുതൽ
- "ക്ലാസിനൊരു " കളിയിലൂടെ പ്രശ്നം നിർധാരണം ചെയ്യൽ
- നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ, കൂട്ടി ചേർത്ത് സംഖ്യരൂപീകരിക്കൽ

10 രൂപ +5 രൂപ = 15 രൂപ

നോട്ട് നാണയം

ഡിസംബർ

- സംഖ്യാബോധം തിരിച്ചറിവിൽ- സംഖ്യാ വ്യാഖ്യാനം ഉറപ്പാക്കൽ.
- സ്ഥാന വില പ്രശ്നം പരിഹരിക്കുന്നതിനായി (സ്ഥാനവില പോക്കറ്റ്, അബാക്കസ് നിർമിക്കൽ)
- രണ്ടക്കസംഖ്യകളുടെ തുക കണ്ടെത്താനായി വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു.

ജനുവരി

- വിലവിവരപ്പട്ടിക തയ്യാറാക്കൽ. വിവരങ്ങൾ ക്രോഡീകരിച്ച് പട്ടികപ്പെടുത്തൽ, പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ
പ്രശ്നം നിർധാരണം ചെയ്ത് തുക കണ്ടെത്തൽ രീതികൾ
- സങ്കലനവ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ

ഫെബ്രുവരി

- ഗണിതം ആസ്വാദ്യകരമാക്കാൻ ഇടവേളകളിൽ ഗണിതാലാപനം നടത്തൽ
- ഉല്ലാസ ഗണിതം materials ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾ പരിഹരിക്കൽ. ഗണിത പഠനം കളിരീതിയിൽ ഉറപ്പാക്കി വിജയം കൈവരിക്കൽ

മാർച്ച്

- കലണ്ടർ പതിപ്പ് തയ്യാറാക്കൽ
- കലണ്ടറിൽ ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളും തിരിച്ചറിവ്. മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തൽ
- കലണ്ടർ സംഖ്യാ ബന്ധങ്ങൾ പാറ്റേണുകൾ രൂപീകരിക്കൽ
- കലണ്ടർ നോക്കി സംഖ്യകൾ താരതമ്യം ചെയ്യൽ.
- ഗണിതാശയങ്ങൾ പ്രായോഗിക പ്രശ്നത്തിലൂടെ കൈകാര്യം ചെയ്യാൻ പ്രാപ്തരായി കഴിയുക.

# Academic master plan
## English

Aim . : To speak, Read, & write English without any mistakes
Time - June ,July, August
June
Pretest
To develop listening skills & reading skills first
Listening skills
Games, Action songs Hello English activities,2 conversations, skit stories
Use ICT
Speaking skills
Descriptions, growing sentences , picture reading, picture description self introduction Assembly activities- speech , book review, quiz riddles,self introduction. School radio etc

July & August
Reading skills
News paper reading, library books reading, book review, reading breaking news, find words. collect and read past tense,rhyming words, describing words etc Textbook activities

Writing skills
Make word web, picture description, word chain sentence chain, make words,& sentences make riddles, conversations, Add more lines , develop story, description , notice proclamation, diary letter Announcement, magazines

അക്കാദമിക മാസ്റ്റർ പ്ലാൻ മലയാളം std 2

പൊതുവിദ്യാഭ്യാസത്തെ മുഖ്യധാരയിലെത്തിക്കാൻ കുട്ടികളിൽ ഭാഷാ വികാസം, വൈജ്ഞാനിക മേഖല, സർഗാത്മക മേഖല, വൈകാരിക മേഖല എന്നീ മേഖലയിൽ കുട്ടിയുടെ ശേഷി പരിഗണിച്ചാണ് ക്ലാസ്സല 'മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്. കുട്ടികൾക്ക് ശേഷി വികസനങ്ങൾ നൽകി കൊണ്ട് ഓരോ കുട്ടിയുടേയും സന്തോഷപ്രദമായ വികാസമാണ് ഈ വർഷം ലക്ഷ്യമിടുന്നത്. എല്ലാ വിഷയത്തിലും നൈപുണി നേടി ഒരു നല്ല വിദ്യാഭ്യാസത്തിൻ്റെ ഉടമയായി ഓരോ കുട്ടിയും എല്ലാ തലങ്ങളിലും മികവുറ്റവരായി തീരണം. അതാണ് ലക്ഷ്യം.

പ്രവർത്തന ലക്ഷ്യങ്ങൾ
□□□□□□

✤ രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.
✤ രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.
✤ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.
✤ ക്ലാസിലെ എല്ലാ കുട്ടികളെയും തെറ്റുകളില്ലാത്ത ക്ലാസ്സിലവാരത്തിലുള്ള വ്യവഹാരരൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക.
✤ വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു.
✤ ചിത്രത്തെ ആസ്പദമാക്കി സംഭാഷണം, ലഘു വിവരണം, കഥ എന്നിവ തയ്യാറാക്കുന്നു.
✤ ആശയം, ഈണം താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു. (കവിതാ പൂരണം).

മുന്നൊരുക്കം
□□□□□

✤പ്രീടെസ്റ്റ് നടത്തുന്നു. എല്ലാ തലങ്ങളിൽ ഉള്ള കുട്ടികളെയും കണ്ടെത്തുന്നു.
✤കുട്ടിയുടെ നിലവിലുള്ള അവസ്ഥ , കഴിവുകൾ, പരിമിതികൾ എന്നിവ CPTA നടത്തി എല്ലാ മാസവും പിന്തുണകുട്ടിക്ക് ലഭ്യമാക്കുന്നതിനുള്ള അവസരമുണ്ടാക്കുന്നു.

പ്രവർത്തന ലക്ഷ്യം
□□□□□□□□

- രണ്ടാം ക്ലാസിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

ജൂൺ

- ചിത്രക്കാർഡുകൾ നൽകൽ (ചിത്രവും പദവും ഉൾക്കൊണ്ട്)
- ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ
- വായനാ സാമഗ്രികൾ നിർമിക്കൽ
- വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ

ജൂലൈ

- ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു.
- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു.
- സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു.

ആഗസ്റ്റ്

- ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ
- രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ
- വീട്ടു ലൈബ്രറി ഒരുക്കൽ
- ചിത്ര വിവരണം
- വായന തലത്തിൽ എത്തിച്ച് വ്യത്യസ്ത വ്യവഹാരരൂപങ്ങൾ ഉണ്ടാക്കുന്നു.

സെപ്റ്റംബർ

- വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ
- വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ
- വായിച്ച കഥയിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാക്കൽ
- വായിച്ച കഥാരംഗങ്ങൾക്ക് രംഗാവിഷ്ക്കാരം ചെയ്യൽ

ഒക്ടോബർ

- കേട്ടതോ വായിച്ചതോ ആയ കഥകൾ, സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ
- വിവിധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കാൻ വേണ്ടുന്ന മുൻഗണന നൽകുന്നു

ഉദാ:- ആന
വലിയ ആന

കറുത്ത വലിയ ആന

നവംബർ
❖❖❖❖

□ കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം കൊടുക്കുന്നു.

ഡിസംബർ
❖❖❖❖❖

❖ ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.
❖ ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗതമാഗസിനുകൾ തയ്യാറാക്കാൻ അവസരം ഒരുക്കുന്നു.

ജനുവരി
❖❖❖❖❖

❖ വരികൾ കുട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരം ഒരുക്കൽ (കവിതാ പൂരണം)
❖ ലഘു വിവരണങ്ങൾ, പ്രത്യേകതകൾ എഴുതുന്നതിനും വായിക്കുന്നതിനുമുള്ള അവസരം ഒരുക്കൽ

ഫെബ്രുവരി
□□□□

❖ എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്നുള്ളത് ഉറപ്പ് വരുത്തൽ (ഭാഷണം, ലേഖനം, എഴുത്ത് )
❖ കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കൽ.

മാർച്ച്
□□□

□ വ്യക്തിഗതരചനയെ പ്രോത്സാഹിപ്പിക്കൽ.
□ ഇൻലൻ്റ് മാഗസിൻഓരോ കുട്ടിയും തയ്യാറാക്കൽ
□ ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ, കൈയ്യെഴുത്ത് മാസിക, മാഗസിനുകൾ തയ്യാറാകൽ.
□ വീട്ടുവായന , കൂട്ടു വായന, നാട്ടു വായന, അമ്മ വായന, ചിത്രവായന ഇവയെ പ്രോത്സാഹിപ്പിക്കൽ.
□ ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി ശക്തമാക്കൽ
□□□□□□□□□

# ENGLISH

| AIMS | ACTIVITIES | DURATION | CHARGE | ECONOMIC SOURCE |
|---|---|---|---|---|
| To study alphabets | • PRE-TEST<br>• Write simple words | June - July | Teacher, Students | P T A |
| To study , write and read simple words | Circle the word from TB and read | August - September | Teacher, Students | Nil |
| Create more opportunities for English speaking in the class room | Class room communication should be in English, like May I drinks some water ? May I Go to bathroom ?<br>• Hello.<br>• Hello, everyone.<br>• Good morning.<br>• Good morning everyone.<br>• Good morning class.<br>• Good Afternoon everyone.<br>• How are you?<br>• How are you all?<br>• How are you today?<br>• Let me take attendance etc | Academic year | Teacher, Students, Parents | Nil |

മേഖല - അക്കാദമികം

ഉപമേഖല - ഭാഷ

ക്ലാസ്- III

GLPS INCHIYANI

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാഹിത്യ പ്രതിഭ കളെ അടുത്ത റിയാം | 1) കവികളെ കുറി ച്ചുള്ള ഡോക്യു മെന്ററി പ്രദർശനം<br>2) പുസ്തക ശേഖര ണവും പ്രദർശനവും<br>3) ചിത്ര ഗ്യാലറി | ജൂൺ<br>ജൂൺ ഡിസംബർ<br>ജനുവരി | അദ്ധ്യാപകർ SMC<br>അദ്ധ്യാപകർ SMC<br>മദർ പി.ടി.എ ക്ലബ്ബുകൾ | SMC<br>SMC |
| വായനാ പരിപോ ഷണം | 1) പൊതു സമൂഹവു മായി ബന്ധപ്പെട്ട് പുസ്തക ശേഖ രണം<br>2) വായനാക്കളരി<br>3) നാട്ടുവായന - പ്രാദേശിക എഴുത്തു കാരുമായുള്ള സംവാദം | നവംബർ<br>ആഴ്ചയി ലാണ്<br>ആഗസ്ത് | വായനശാല SMC SRG<br>ക്ലബ്ബുകൾ സാഹിത്യ ക്ലബ്ബ് | ക്ലബ്ബ് SMC SRG<br>വായനശാല |

മേഖല - അക്കാദമികം

ഉപമേഖല - പരിസരപഠനം

ക്ലാസ് - III

GLPS INCHIYANI

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രാവബോധം വളർത്തുക | കണ്ടെത്താം അറിയാം. ലഘു പരീക്ഷണങ്ങൾ കണ്ടെത്തുന്നു. കുറിപ്പു തയ്യാറാക്കൽ. | ജൂൺ ജൂലൈ ആഗസ്ത് | | |
| പ്രകൃതി വിഭവ സംരക്ഷണം | ജൈവ-വൈവിധ്യ പാർക്ക് തടയണ, മഴക്കുഴിനിർമ്മാണം ജലസ്രോതസ്സുകൾ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം | ജൂലൈ ഡിസംബർ | | |
| ശാസ്ത്ര പരീക്ഷണങ്ങളിൽ താൽപര്യം ജനിപ്പിക്കൽ | ശാസ്ത്ര പ്രതിഭകളെ അടുത്തറിയാം പരീക്ഷണം വീട്ടിനകത്തും ശാസ്ത്ര മാസികകൾ | | | |

SUBJECT : ENGLISH

CLASS : IV

Aim:

To speak, Read, & write English without any mistakes

Time - June - January

June

*Pretest

To develop listening skills & reading skills first

Listening skills:

Games, Action songs Hello English activities,2
conversations, skit stories

*Use ICT

Speaking skills

Descriptions, growing sentences , picture reading,
picture description self introduction Assembly activities speech,
book review, quiz riddles,self introduction. School
radio etc..

*Reading skills

News paper reading, library books reading, book
review, read breaking news, find words. collect and
read past tense,rhyming words, describing words etc

Textbook activities

*Writing skills

Make word web, picture description, word chain
sentence chain, make words,& sentences make riddles,
conversations, Add more lines , develop story, description ,
notice proclamation, diary letter Announcement,
Magazines

# മലയാളം

ലക്ഷ്യം :-

ഭാഷാപരമായ പിന്നോക്കാവസ്ഥപരിഹരിക്കുന്നതിന്.

മേഖല : വായന

പ്രവർത്തനങ്ങൾ

- കുട്ടികളുടെ നിലവാരം അറിയുന്നതിനുവേണ്ടി പ്രീ - ടെസ്റ്റ്
- അക്ഷരം ഉറപ്പിക്കൽ.
- അടയാളം ഉറപ്പിക്കൽ (ചിഹ്നങ്ങൾ, ആഭരണങ്ങൾ അണിയിക്കൽ)
- അക്ഷരക്കാർഡ് നൽകൽ, ചിഹ്നങ്ങൾ അടങ്ങിയ കാർഡ്.
- വാക്കുകൾ എഴുതിയ കാർഡ്.
- വാക്യങ്ങൾ നിർമ്മിക്കൽ.
- ചിത്രം നൽകി അടിക്കുറിപ്പ്, കഥ, കവിത ബാക്കി ഭാഗം പൂരിപ്പിക്കുക.
- വലിയ അക്ഷരമുള്ള കഥാപുസ്തകം നൽകൽ.

(August - March)

- വായനാക്കൂട്ടം (August - March)
- അമ്മവായന.
- പത്രവായന.
- സമീപത്തുള്ള ഗ്രന്ഥശാലയിൽ മെമ്പർഷിപ്പ് എടുക്കുക.
- വിദ്യാരംഗം, സർഗ്ഗവേള, ബാലസഭ എന്നിവ സ്കൂളിൽ നടത്തുന്നു.
- സാഹിത്യകാരന്മാരുമായുള്ള അഭിമുഖം.
- കഥയരങ്ങ്.

വിഷയം - പരിസരപനം

ലക്ഷ്യം - പരിസ്ഥിതി സൗഹ്യദ മനോഭാവം വളർത്തുക

പ്രവർത്തനങ്ങൾ

ഘട്ടം - 1

ജൂൺ 5 പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷ
തൈ നടൽ. എല്ലാ കുട്ടികൾക്കും വൃക്ഷ തൈ വിതരണം.
നല്ല നാളേക്കു വേണ്ടി [ICT]
കവിതഏറ്റുചൊല്ലുന്നു.

ഘട്ടം - 2

കുട്ടികൾ വീട്ടിൽ തയ്യാറാക്കിയ പൂന്തോട്ടത്തിന്റെ
ഫോട്ടോ എടുത്ത് ക്ലാസ് ഗ്രൂപ്പിൽ പ്രദർശിപ്പിക്കുന്നു.

ഘട്ടം - 3.

ഫീൾഡ് ട്രിപ്പ്

* പാടം
* കുന്ന്
* കാവ്.......

ആവാസവ്യവസ്ഥയെ പറ്റി നിരീക്ഷണകുറിപ്പ്
തയ്യാറാക്കുന്നു

വർഗീകരണം
നടത്തുന്നു

- ആവാസ വ്യവസ്ഥയുടെ പ്രാധാന്യം അവതരിപ്പിക്കുന്ന
പോസ്റ്റർ തയ്യാറാക്കുന്നു.
- ജീവികളുടെ നിലനിൽപ്പിന് അജീവിയ ഘടകങ്ങൾ
ആവശ്യമാണ്. ജീവിയ ഘടകങ്ങളും, അ ജീവിയ
ഘടകങ്ങളും പിട്ടകപ്പെടുത്തൽ.

# ഗണിതം

**ഗണിത ചുമര്**

ക്ലാസ് സ്ഥലത്തിൽ ഗണിത ചുമരുകൾ തയ്യാറാക്കുക അതിൽ സന്ധ്യാബോധം ആവിഷ്കരിക്കാൻ സഹായകമായ ചിത്രങ്ങൾ വസ്തുക്കളെ എന്നിവ ഒരുക്കുക

**ഗണിത കിറ്റ്**

ചതുഷ് ക്രിയകൾ പഠിപ്പിക്കാനാവശ്യമായ സാധനങ്ങൾ ഒരുക്കി കിറ്റുകൾ തയ്യാറാക്കുക

**അബാക്കസ്**

സംഖ്യാബോധം ഉറപ്പിക്കുന്നതിനും സ്ഥാനവില നിർണയിക്കുന്നതിനും ചതുഷ് ക്രിയകൾ ചെയ്യുന്നതിനും അബാക്കസ് പരമാവധി പ്രയോജനപ്പെടുത്തുക

**ഗണിതകേളികൾ**

ഏണിയും പാമ്പും ഡയസ് കളി ചെസ് കളി ബോൾ റിയൽ മറ്റു വിവിധങ്ങളായ ഗണിത കളികൾ ഉപയോഗിച്ചുകൊണ്ട് ഗണിത വസ്തുതൾ കുട്ടികളിൽ ഉറപ്പിക്കൽ

**ഗണിത ശില്പശാലകൾ**

ക്ലാസ് പിടിഎ മീറ്റിങ്ങിനോട് അനുബന്ധിച്ച് രക്ഷിതാക്കളുടെ പങ്കാളിത്തത്തോടെ ഗണിത പ്രവർത്തനത്തിന് ആവശ്യമായ പഠനോപകരണം നിർമ്മിക്കൽ

**ഗണിത പ്രദർശനം**

ഗണിത വിഷയങ്ങൾ പഠിപ്പിക്കുമ്പോൾ നാം ഉപയോഗിക്കുന്ന ടീച്ചിങ് ഏടുകളും കുട്ടികൾ നിർമ്മിക്കുന്ന വിവിധ ഗണിത രൂപങ്ങളും കുട്ടികളുടെ പഠനോല്പന്നങ്ങളും ഉൾപ്പെടുത്തിക്കൊണ്ട് ഗണിത പ്രദർശനം നടത്തുകയും സ്കൂളിലെ എല്ലാ കുട്ടികൾക്കും ഗണിത പഠനത്തിനുള്ള പ്രോത്സാഹനം ഇതിലൂടെ നേടുകയും ചെയ്യുന്നു

# അക്കാദമിക് മാസ്റ്റർ പ്ലാൻ
## UP ഗണിതം

### ലക്ഷ്യങ്ങൾ

1. അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുന്നു
2. രസകരമായ ഗണിത ശാസ്ത്ര പഠനവും കര ചലനശേഷികളുടെ വികാസവും
3. ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ
4. ഗണിത മേഖലയിൽ കുട്ടികളുടെ താല്പര്യം വർദ്ധിപ്പിക്കൽ
5. ആധുനിക മനശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു
6. ഗണിതം മധുരമാക്കൽ
7. ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നു
8. വിവിധ ശേഷികളുടെ വികസനം
9. ഐസിടി സാധ്യതകളുടെ പരമാവധി ഉപയോഗം

ഗണിതം എന്നും കുട്ടികൾക്ക് അത്ര സുഖകരമായി പഠിക്കാവുന്ന ഒരു വിഷയമായി തോന്നാറില്ല അതിനാൽ കൂടുതൽ മികച്ച രീതിയിൽ കുട്ടികൾക്ക് അനുഭവവേദ്യമാകുന്ന രീതിയിലും ഗണിത പഠനം മുന്നോട്ടു കൊണ്ടു പോകുവാൻ ഓരോ പാഠം പഠിപ്പിക്കുമ്പോഴും അതിനോടൊപ്പം താഴെ തന്നിരിക്കുന്നവയിൽ ഉചിതമായ പ്രവർത്തനങ്ങൾ കൂട്ടിച്ചേർത്ത് പാഠഭാഗം കുട്ടികളിലേക്ക് എത്തിക്കുന്നു

### പ്രവർത്തനങ്ങൾ

ഗണിതത്തോട് എഴുതിച്ചേരാൻ മുത്തുകൾ സ്മൈലി ബോളുകൾ ബഹുവർണ്ണ ടോപ്പുകൾ ചിത്രകാർഡുകൾ സംഘടന വ്യാഖ്യാന കാർഡുകൾ ഗെയിം ബോർഡുകൾ ഡൈസുകൾ തുടങ്ങിയവ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ

സ്ഥാനവിലപോക്കറ്റ് നിർമ്മാണം ജാമിതീയ രൂപങ്ങൾ പട്ടികപ്പെടുത്തൽ വർക്ക് ഷീറ്റ് നിർമ്മാണം സംഘടന നൽകി തുല്യമായി പങ്കുവെക്കൽ ജാമിതീയ രൂപങ്ങൾ വരക്കൽ നിർമ്മാണം

സംഖ്യ കാർഡുകൾ ആവർത്തനം വായന എഴുത്ത് അബാക്കസ് ചിത്ര സഹായത്തോടെയുള്ള പഠനം

പേപ്പർ കട്ടിംഗ് സംഖ്യ കാർഡുകൾ തമ്മിൽ കൂട്ടി സങ്കലനം പത്തിന്റെ കൂട്ടങ്ങളാക്കൽ കല്ല് ഈർക്കിളി, തുടങ്ങിയ വസ്തുക്കൾ ഉപയോഗിച്ച് സംഘലനം വ്യവകലനം ഗുണനം ഹരണം എന്നീ ക്രിയകളുടെ നിർധാരണം

മട്ടകോണിന്റെയും മട്ടങ്ങളുടെയും ഉപയോഗം മനസ്സിലാക്കാൻ കമ്പ്യൂട്ടർ ഉപയോഗിച്ച് ഗണിത രൂപങ്ങൾ പരിചയപ്പെടുത്തുക, ജിയോജിബ്രയുടെ സഹായത്തോടെ കൂടുതൽ ഗണിതരൂപങ്ങൾ വരയ്ക്കുക

സംഖ്യാചാർട്ടുകൾ ഡയസ് സംഖ്യാ സിപ്പുകൾ സംഖ്യകളിൽ സംഖ്യ മാല പദസൂര്യം ഇവയുടെ നിർമ്മാണം

ഗണിത കളികൾ ക്ലാസ് ശിൽപ്പശാല ഗണിത ഗാനം കുട്ടി കവിതകൾ ശേഖരണം കണക്കിലെ കളികൾ ശേഖരണം

ഗണിത അഭിരുചി വളർത്താൻ സെമിനാർ ക്വിസ് ഗണിതോത്സവം ഗണിതശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രം അവരുടെ സംഭാവനകൾ വിവരിക്കൽ എന്നിവ നടത്തുന്നു

ഗണിത ക്ലിനിക്

ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗനിർദേശങ്ങൾ നൽകുന്നു പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു

**ഗണിതം അക്കാദമിക് മാസ്റ്റർപ്ലാൻ നിർവഹണ ചുമതല**

സ്കൂൾ ഹെഡ്മിസ്ട്രസ്

ഗണിത അധ്യാപിക

എസ് ആർ ജി

പിടിഎ

സി ആർ സി കോഡിനേറ്റർ

മേഖല - അക്കാദമികം

ഉപമേഖല - ഗണിതം

ക്ലാസ് - III

GLPS INCHIYANI

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയാം | ഒറിഗാമി ശില്പശാല<br>രസകരമായി ഗണിതപഠനവും നിർമാണ പ്രവർത്തനങ്ങളുടെ ആസൂത്രണവും. ഒറിഗാമിടാൻഗ്രാം രൂപങ്ങൾ നിർമ്മിക്കൽ, പ്രദർശിപ്പിക്കൽ | ഒക്ടോബർ | SRG<br>PTA | S S A |
| ഗണിതം ലളിതമാക്കാം കളികളിലൂടെ | മെട്രിക് മേള<br>ഗണിതോത്സവം | ജനുവരി | SRG<br>ക്ലാസ് ടീച്ചർ | S S A<br>Staff<br>S M C |

# മേഖല യു.പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | **നിശാഗന്ധി-ജൈവവൈവിധ്യ പാർക്ക്:** ഔഷധത്തോട്ടം, പച്ചക്കറി തോട്ടം, ശലഭോദ്യാനം, കുളം, ജൈവവേലി, മുളകൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | പി.ടി.എ |
| | **കണ്ടറിയാനൊരു യാത്ര** വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, കാവുകൾ സന്ദർശനം, കണ്ടൽക്കാട് നിരീക്ഷണം, പുഴയെ അറിയാൻ യാത്രകൾ. | ജൂലൈ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | രക്ഷിതാക്കൾ |
| | **പരീക്ഷണക്കളരി** നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറുക്കുന്നു. | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| 2) ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | **മാസ്റ്റർ മൈന്റ്** ഊർജ്ജ ക്ലബ്ബ്, ആരോഗ്യ ക്ലബ്ബ്, ശാസ്ത്ര ക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| | **എക്സ്പ്പോ-എക്സ്പ്ലോർ** ആധുനിക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ്ബ് |

## മേഖല യു.പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | **ശാസ്ത്ര വിസ്മയ ചുമർ**<br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| | **മുഖാമുഖം**<br>ശാസ്ത്ര മേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തി നൂതന ശാസ്ത്ര ആശയവുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിച്ച് പ്രബന്ധം തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ<br>സയൻസ് ക്ലബ്ബ് | പി.ടി.എ<br>സയൻസ് ക്ലബ്ബ് |
| | **യുറേക്കാ**<br>കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 3) ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | **വിസ്മയ യാത്ര**<br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രസത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവ ചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 4) പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണോത്സുകത വർദ്ധിപ്പിക്കൽ | Atal Tinkering Laboralory പ്രയോജനപ്പെടുത്തി പ്രതിഭാശാലികൾക്ക് ഗവേഷണത്തിന് വഴിയൊരുക്കുന്നു. 3D പ്രൊജക്ടർ ഉപയോഗിച്ച് കുട്ടികൾക്ക് നേരിട്ട് കാണാൻ സാധ്യതയില്ലാത്ത Fullerine പോലെയുള്ള മൂലകങ്ങളും, അവയുടെ ഐസോടോപ്പുകളും മറ്റും ത്രിമാന രൂപത്തിൽ കാണിച്ച് കൊടുക്കുന്നു.<br>ഇലക്ട്രോണിക്, റോബോട്ടിങ്ങ് സാധ്യത ഉപയോഗിച്ച് ഉപകരണ നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

## മേഖല യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ. | **അങ്കത്തട്ട്- കളിയിൽ നിന്ന് കാര്യത്തിലേക്ക്**<br>സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| | **ഓർമ്മച്ചെപ്പ്**<br>അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യകളുപയോഗിച്ച് Memory test നടത്തുന്നു | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 2) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | **Virtual Field Trip**<br>ICT സാധ്യകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 3) ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | **വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്**<br>ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസിലാക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 4) പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | **പ്രകൃതി താണ്ഡവം: നേർക്കാഴ്ച**<br>ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപ്പൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

# മേഖല യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) സഹജീവികളോട് സമഭാവന വളർത്തി എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | **നന്മയുടെ നുറുങ്ങുവെട്ടം**<br>പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസഹസ്തമാകുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പി.ടി.എ |
| 6) വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | **ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം**<br>സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 7) സുസ്ഥിര വികസന കാഴ്ച്ചപ്പാട് രൂപപ്പെടുത്തുന്നു. | **കാടെവിടെ മക്കളെ ? (ഫീൽഡ് ട്രിപ്പ്, സർവ്വേ)**<br>പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർ തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| 8) സാമൂഹ്യ ശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശിയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | **പുതുചക്രവാളത്തിലേക്ക്**<br>സിവിൽ സർവ്വീസ് പരീക്ഷകളെഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ മാസ്മരികലോകം സൃഷ്ടിക്കുന്ന, മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തരവേളകൾ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

# മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | **എന്റെ അവധിക്കാലം:** പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവ കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **ഭാഷാകേളി:** അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്:** അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| 2) പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക. | **വാർത്താലോകത്തേക്ക്:** പത്രം, ആഴ്ച്ചപതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാദിവസവും | മലയാളം അധ്യാപകർ | |
| | **വാർത്താവായന:** നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. | പ്രതിമാസം | മലയാളം ക്ലബ്ബ് | |
| | അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | വർഷത്തിൽ മൂന്നുപ്രാവശ്യം | മലയാളം ക്ലബ്ബ് | മലയാളം ക്ലബ്ബ് |

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 3) സാഹിത്യ കൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ. | **സംവാദം/മുഖാമുഖം:** സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ട് പ്രാവശ്യം | ഹെഡ്മിസ്ട്രസ്, മലയാളം അധ്യാപകർ | പി.ടി.എ. |
| 4) മലയാളം കമ്പ്യൂട്ടറിംഗ് പരിജ്ഞാനം നേടി എടുക്കലും സർഗ്ഗാത്മകശേഷി വളർത്തലും. | **ഇ-കമ്പ്യൂട്ടറിംഗ്:** മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുകയും ഇ- മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. | രണ്ട് വർഷം | മലയാളം, ഐ.ടി. അധ്യാപകർ | മലയാളം ക്ലബ്ബ് |
| | മുഴുവൻ പഠിതാക്കളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് കൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | വർഷാവസാനം | മലയാളം അധ്യാപകർ | |
| 5) പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ. | **രംഗാവിഷ്കാരം:** പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘു നാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. വിദഗ്ധരായ നാടക കലാകാരന്മാരെയും മറ്റ് കലാകാരന്മാരെയും പങ്കെടുപ്പിച്ച് കൊണ്ട് ശില്പശാലകൾ നടത്തുന്നു | അക്കാദമിക് വർഷം | പി.ടി.എ, സ്കൂൾ | പി.ടി.എ |

# മേഖല യു.പി. ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിഭവം |
|---|---|---|---|---|
| 1) 5,6,7 ക്ലാസ് അക്ഷര ബോധം ഉറപ്പാക്കൽ. ഹിന്ദി അക്ഷരങ്ങൾ മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഉച്ചാരണവും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക പരിശീലിപ്പിക്കുക. | പുതിയ പദങ്ങൾ, പദങ്ങൾ ചേർത്ത് [illegible] ഹിന്ദി അക്ഷരങ്ങളെ [illegible] പരിശീലിപ്പിക്കൽ ചിത്രങ്ങൾ, അക്ഷരമാല ചാർട്ട് [illegible] കാണിക്കൽ എന്നിവ | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 2) ഹിന്ദി വായന മെച്ചപ്പെടുത്താൻ ഹിന്ദി വായിക്കുവാനുള്ള പരിശീലനം ചെയ്യും. | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും. [illegible] ഹിന്ദി ചിത്രകഥകൾ [illegible] ഹിന്ദിയിൽ വായിക്കാനുള്ള കഴിവ് [illegible] | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 3) ഹിന്ദി സംസാരം ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കി എടുക്കും. നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാരിക്കാനുള്ള [illegible] പ്രാപ്തരാക്കും. | ഹിന്ദി മാത്രം സംസാരിക്കുന്ന ഗ്രൂപ്പുകളിൽ ഉൾപ്പെടുത്തും. അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും. ഹിന്ദിയിൽ മാത്രം സംസാരിക്കുന്ന ഒരു ദിവസം [illegible]<br>വായനയിൽ<br>ഹിന്ദി തെരഞ്ഞ് അധ്യാപകർ വായിക്കും കുട്ടികൾ [illegible] അത് ശരിയായി വായിക്കും<br>Readery fight [illegible] ആവർത്തി [illegible] വായിക്കാൻ [illegible] അവസരം നൽകുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |

## UP English

Aim . : To speak, Read, & write English without any mistakes

Time - June to march

**PRETEST**

To check the vocabulary and writing skills of pupils.

June and July

-To develop listening skills & reading skills

**Listening skills**

1-Games, Action songs Hello English activities
2 -conversations, skit stories
Use ICT

**Speaking skills**

1-Identify the naming words from the picture.
2-Identify the action words from the same pictures
3-Make simple sentences using the action word and naming words about the picture
3-Make symbol description about the picture.
4- Growing sentences , picture reading, self introduction Assembly are also conducted

ACTIVITIES
- speech , book review, quiz riddles,self introduction. School radio etc

August and September

Develop the creative speaking and writing

**Reading skills**

1-News paper reading, library books reading, book review, reading breaking news,
2-find words.

3-collect and read past tense,
4-rhyming words,
5-describing words etc
6-Textbook activities

**Writing skills**

1-Make word web,
2-picture description with describing words,
3-word chain sentence chain,
4-make words,& sentences
5-make riddles, conversations,
4-Add more lines ,
ACTIVITIES - speech , book review, quiz riddles,self introduction. School radio ,makes description magazines etc

October and November

To express thoughts feelings etc

**Reading skill**

1-News paper reading, library books reading, book review, reading
2 -conversations, skit stories use ICT materials
3-Reads breaking news,
4--develop story,
5-Read notice

**Writing skills**

1-description ,
2-notice proclamation,
3-Thought
ACTIVITIES - speech quiz riddles,. School radio ,makes magazines, skits etc

December and January

1-Develop the creative speaking and writing
2-To express thoughts feelings etc

**Reading skill**

1-News paper reading, library books reading, book review, reading
2 -conversations, skit stories use ICT materials
3-Reads breaking news,
4--develop story,
5-Reads diary
6-Reads letters from friends

**Writing skills**

1-diary
2-letter
3-Announcement,

ACTIVITIES - speech quiz riddles,. School radio ,makes magazines, skits ,class room post office etc
February and march

To improve the presentation power

**Reading skill**

1-News paper reading, library books reading, book review, reading
2 -conversations, skit stories use ICT materials
3-Reads breaking news,
4--develop story,
5-Reads diary
6-Reads letters from friends

**Writing skills**

1-diary
2-letter
3-Announcement
4--description ,
5-notice proclamation,
6-Thought

ACTIVITIES - speech quiz riddles,. School radio ,makes magazines, skits ,class room post office ,Exibitions etc..